കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ചെറുവണ്ണൂർഗ്രാമപഞ്ചായത്ത് 2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

**e-mail:dokkd.ksad@kerala.gov.in.**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1607/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.04.10.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ .ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.പി.4/1603/2017 തിയ്യതി:04.10.2017

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-11-16മുതൽ 18-6-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് ശ്രീധർ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-6-17 മുതൽ 24-6-17 വരെയും<br>31-7-17 മുതൽ 2-8-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഉണ്ണി.പി.കെ | ഓഡിറ്റ് ഓഫീസർ |
| | ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷിനിത്ത് .എ | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.പി.ബിജു. | 1-4-2016 മുതൽ 31-3-2017വരെ |
| സെക്രട്ടറി | പി.സുരേഷ് | 1-4-2016 മുതൽ30-11-16 വരെ |
| | എം.ഗംഗാധരൻ ഹെഡ്ക്ളാർക്ക് (സെക്രട്ടറി ഇൻചാർജ്) | 1-12-16 മുതൽ31-12-16 വരെ |
| | ഷാജി എം സ്റ്റീഫൻ | 31-12-16 മുതൽ 31-3-17 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | പി.പി.മണിയപ്പൻ | 1-4-2016 മുതൽ 16-8-16 വരെ |
| ............................ | അനിൽകുമാർ.എൻ | 17-8-16 മുതൽ 31-3-17വരെ |
| കൃഷി ഓഫീസർ | ഡോണ കരുപ്പാളി | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീധരൻ.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അമൂല്യ.പി.എൻ | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.ച്.സി) | ഡോ.മാധവശർമ്മ ബിനോയ് | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സീന.ബി.മഠത്തിൽ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | സോണി.ബി.ജെ | 1-4-2016മുതൽ 27-6-2016 വരെ |
| ............................ | പ്രശോഭ്കുമാർ | 28-6-2017മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രജനി.പി | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | വിനയൻ.സി.ഒ | 1-4-2016 മുതൽ 31-3-2017 വരെ |
| | സാബു.<br>ജംഷിദ .സി.കെ<br>ഷാജി.കെ | 1-4-2016മുതൽ 23-10-2016 വരെ<br>23-12-2016മുതൽ 31-3-2017 വരെ<br>5-2-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | മുഹമ്മദ് ഇസ്മായിൽ | 1-4-2016മുതൽ 31-3-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 2 | വസ്തുനികുതി – നിയമാനുസൃത പിഴ ഈടാക്കിയില്ല. | 2-2 |
| 3 | കെട്ടിട നിർമ്മാണ ലൈസൻസ് – അപാകതകൾ | 2-3 |
| 4 | വസ്തുനികുതി നിർണ്ണയം സംബന്ധിച്ച നടപടിക്രമങ്ങളിലെ അപാകതകൾ | 2-4 |
| 5 | സഞ്ചയ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ | 2-5 |
| 6 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-6 |
| 7 | പരസ്യനികുതി ചുമത്തുന്നില്ല. | 2-7 |
| 8 | ബസ്സ് ലേലം – മൂല്യനിർണ്ണയത്തിൽ കുറഞ്ഞ തുകയ്ക്ക് വിറ്റു. | 2-8 |
| 9 | ലൈബ്രറി സെസ്സ് അടയ്ക്കുന്നില്ല. | 2-9 |
| 10 | ഡി.ആന്റ് ഒ. ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല. | 2-10 |
| | ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയിലെ-ധനവിനിയോഗത്തിലെ അപാകതകൾ | 3-1 |
| 2 | ലാപ്പ്ടോപ്പ് വിതരണം- സർക്കാർ നിശ്ചയിച്ചതിലും അധികം വില നൽകി. | 3-2 |
| 3 | അങ്കണവാടികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 3-3 |
| 4 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ മരുന്നും ഉപകരണങ്ങളും ലഭിച്ചില്ല. | 3-4 |
| 5 | പാലിയേറ്റീവ് നഴ്സിന് കൃത്യമായി വേതനം നൽകുന്നില്ല. | 3-5 |
| 6 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം – ലാബ് റിപ്പോർട്ട് ലഭ്യമല്ല. | 3-6 |

| | | |
|---|---|---|
| 7 | അങ്കണവാടികളിലെ പോഷകാഹാരവിതരണം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. | 3-7 |
| 8 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ആവശ്യമായതിലും അധികം ഫർണിച്ചർ വാങ്ങി. | 3-8 |
| 9 | അഗതി ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യവിതരണം കാര്യക്ഷമമല്ല. | 3-9 |
| 10 | പദ്ധതി തുക ഉപയോഗത്തിൽ വീഴ്ച വരുത്തി. | 3-10 |
| 11 | വെള്ളക്കരം- കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല. | 3-11 |
| 12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-12 |
| 13 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 3-13 |
| 14 | വീട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. | 3-14 |
| 15 | നെൽകൃഷി പ്രോത്സാഹിപ്പിക്കൽ – വിജയകരമായി പ്രൊജക്ട് നടപ്പിലാക്കി. | 3-15 |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 21-3-2017 തിയതിയിലെ 61/17 തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ | 11823490 | 8622764 | | 320076 | -27 |
| വരവ് | 126443607 | 123042188 | | 3401419 | -2.7 |
| ആകെ | 138267097 | 131664952 | | 6602145 | -4.8 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | 137295934 | 123131675 | | 14164259 | -10 |
| നീക്കിയിരിപ്പ് | 971163 | 8533277 | 7562114 | | +88 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 17-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയിചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 8622764

വരവ് - 43083469

ആകെ -51706223

ചെലവ് -43172956

നീക്കിയിരിപ്പ്-853327

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 10457299 | 10457299 | 10353619 | 103680 | 99 |
| വികസനഫണ്ട് എസ്.സി.പി. | | 5330115 | 5330115 | 3644725 | 1685390 | 68 |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 6314205 | 6314205 | 3833569 | 2480636 | 60 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2766183 | 2766183 | 2689887 | 76296 | 97 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5864347 | 5864347 | 2317102 | 3547245 | 39.51 |
| പെർഫോമൻസ് ഗ്രാന്റ് | | 2263982 | 2263982 | 1412028 | 851954 | 62 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1271 | 50274104 | 50275375 | 50256788 | 18587 | 99.91 |
| ബി ഫണ്ട് | | 32937635 | 32937635 | 32937635 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | | 40 | | 40 | 42 | 33 |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | അംഗീകാരം കിട്ടിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2538420 | 2439252 | 96 |
| വെറ്റിനറി സർജൻ | 3 | 3 | 1982000 | 1460000 | 74 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 490000 | 444018 | 91 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 4242800 | 3831134 | 90 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 9 | 7 | 5252590 | 4380590 | 83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 720000 | 620000 | 86 |
| സെക്രട്ടറി | 14 | 9 | 3050102 | 2158771 | 71 |
| ഹെഡ്മാസ്റ്റർ | 3 | 3 | 436000 | 436000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 32 | 24191827 | 9600125 | 40 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 3610000 | 1974788 | 55 |
| ആകെ | 122 | 76 | 47313739 | 28144678 | 59.48 |

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയരുടെ പദ്ധതി നിർവ്വഹണം തൃപ്തികരമല്ല. തൻ വർഷം അംഗീകാരം കിട്ടിയ 70 പൊതുമരാമത്ത് പ്രവർത്തികളിൽ 32 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ഇതിൽ തന്നെ 35 പ്രോജക്ടുകൾ ആയിരുന്നതിൽ 18 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയത്. പദ്ധതികൾക്കായി വകയിരുത്തിയ 24191827 രൂപയിൽ 9600125 രൂപ (40%) മാത്രമാണ്ചെലവഴിച്ചത്. പൊതുമരാമത്ത് പ്രവർത്തികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയും ചെലവ് വിവരങ്ങളും താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവ് |
|---|---|---|
| പൊതുവിഭാഗം | 919330 | 498817 |
| എസ്.സി.പി | 2754538 | - |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 5208144 | 1979264 |
| ലോകബാങ്ക് സഹായം | 2633715 | 979336 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 610231 | 370919 |
| തനത് ഫണ്ട് | 1281014 | 399105 |
| ജില്ലാപഞ്ചായത്ത് വിഹിതം | 77315 | - |
| മെയിന്റനെൻസ് ഫണ്ട്-നോൺ റോഡ് | 7459008 | 3833569 |
| മെയിന്റനെൻസ് ഫണ്ട് റോഡ്. | 2552692 | 1539115 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.66ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2250388 | 3019818 | 769430 | +34.19 |
| നികുതിയേതര വരവുകൾ | 405866 | 405079 | 787 | -0.19 |
| മറ്റുവരവുകൾ | 286936 | 303134 | 16198 | +5.64 |
| ആകെ | 2943190 | 3728031 | 784841 | +26.67 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 531120 | 268 |
| കർഷകതൊഴിലാളി പെൻഷൻ | 8091540 | 556 |
| വിധവാപെൻഷൻ | 8824790 | 881 |
| വാർദ്ധക്യകാലപെൻഷൻ | 13249505 | 1254 |
| വികലാംഗപെൻഷൻ | 2606020 | 291 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 165780 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06-2017 സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായി തുക ഒന്നും ഉണ്ടായിരുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-06-2015 മുതൽ 8-06-2015 | 1/2017 മുതൽ 2/2017 വരെ | ലഭ്യമായിട്ടില്ല. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

1. 2015-16 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ 521970 രൂപ കുടിശ്ശികയായി ഉണ്ട് . എന്നാൽ തൻവർഷത്തെ വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ് മെന്റ് പ്രകാരം ഡിമാന്റായി കാണിച്ച കുടിശ്ശിക തുക 828731 രൂപയാണ്.ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. തൻ വർഷത്തെ വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം അരിയർ ബാലൻസായി 42432 രൂപയുണ്ട് .എന്നാൽ ഇത് വാർഷികകണക്ക് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വാർഷികകണക്ക് പ്രകാരം തൻവർഷം വസ്തു നികുതി ഡിമാന്റ് 1783414 രൂപയാണ് .എന്നാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരം ഡിമാന്റ് 1723364 രൂപയാണ് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ഗ്രാമപഞ്ചായത്തിന്റെ മുഴവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യനിർണ്ണയതുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ വാറ്റ് ,ഐടി,ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയത് വാർഷികകണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 2-2 വസ്തു നികുതി -നിയമാനുസൃത പിഴ ഈടാക്കിയില്ല

വസ്തു നികുതി കുടിശ്ശിക പിഴയില്ലാതെ ഈടാക്കുമ്പോൾ, പിഴ ഒഴിവാക്കിയതിനുള്ള കാരണം; പുതുതായി നികതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ, നികുതി പുനർ നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഫയൽ നമ്പറുകൾ എന്നിവ രശീതികളിൽ ചേർക്കേണ്ടതാണ്.

06.02.2017 ന നൽകിയ 35072/90 നമ്പർ രശീതിയിൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2013-14 മുതലുള്ള വസ്തു നികുതി കുടിശ്ശിക യിനത്തിൽ 34,752/- രൂപ ഈടാക്കിയപ്പോൾ 100/- രൂപ മാത്രമാണ് പിഴ പലിശയിനത്തിൽ ഈടാക്കിയിരിക്കുന്നത്. പുതുതായി നികതി നിർണ്ണയം നടത്തിയതാണോ, പിഴ ഒഴിവാക്കിയതാണോ എന്നിവ സംബന്ധിച്ച വിശദാംശങ്ങളൊന്നും മേൽ രശീതിയിൽ കാണിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 ാം വകുപ്പ് 15 ാം ഉപ വകുപ്പ് പ്രകാരം " ഒരു

കെട്ടിടത്തിനു നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തു നികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഏതൊരു അർദ്ധ വർഷത്തേക്കുമുള്ള ഗഡു അർദ്ധ വർഷത്തിന്റെ അവസാന ദിവസമോ അതിനു മുമ്പോ നല്കേണ്ടതും ആ തിയ്യതിയ്ക്കകം നികുതി നൽകാതിരുന്നാൽ 209 ഇ വകുപ്പ് പ്രകാരം അതു നൽകേണ്ട തീയതി മുതൽ ഒരു ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതുമാണ്." ഇതു പ്രകാരം 8663/- രൂപ വാർഷിക വസ്തു നികുതി 2013 ഏപ്രിൽ മുതൽ ഈടാക്കിയപ്പോൾ ഒരു ശതമാനം നിരക്കിൽ പിഴ ഈടാക്കാത്തതിനു വിശദീകരണം നല്കേണ്ടതും പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ ലൈസൻസ് റജിസ്റ്റർ, 26അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

എ) രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നു

കെട്ടിടനിർമ്മാണറജിസ്റ്ററിൽ പല രേഖപ്പെടുത്തലുകളും ഇല്ല.നിർമ്മാണംപൂർത്തിയാക്കിയ തിയ്യതി,കെട്ടിടനമ്പർ,പെർമിറ്റ് പുതുക്കിയ തിയ്യതി എന്നിരേഖപ്പെടുത്തലുകളില്ല.ഇതു കാരണം നിർമ്മാണം പൂർത്തിയാക്കിയതും പെർമിറ്റ് പുതുക്കിയതും ആയ കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. റജിസ്റ്ററിലെ ഈ അപാകതകൾ മൂലം മൂന്നുവർഷം കാലാവധി കഴിഞ്ഞ പെർമിറ്റ്കളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

ബി)കേരള കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 (ജിഒഎംഎസ്41/2011/തസ്വഭവ14/2011 Sro No.127/11) ചട്ടം 14പ്രകാരം അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിടങ്ങളുടെ നിർമ്മാണം അംഗീകരിച്ച്/നിരാകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകരെ അറിയിക്കേണ്ടതാണ്. എന്നാൽ തൻവർഷം സ്വീകരിച്ച അപേക്ഷകളിന്മേൽ പകുതിയോളം പോലും തൻവർഷം സമയപരിധിക്കുള്ളിൽ തീരുമാനമെടുത്തില്ല.

സി) മേൽ ചട്ടം 17 പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണനുവധി കാലാവധി 3വർഷമാണ്.എന്നാൽ മൂന്ന് വർഷം മുമ്പ് പെർമിറ്റ് നല്കിയ കെടിടങ്ങളുടെ നിർമ്മാണകാലാവധി കഴിഞ്ഞിട്ടും തുടർ നടപടി എന്താണ് സ്വീകരിച്ചത്എന്ന് വ്യക്തമല്ല. 2013-14 വർഷത്തെ റജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.പ്രസ്തുതവർഷം 119 അപേക്ഷകരിൽ ക്രമനമ്പർ 16 വരെ യുള്ള അപേക്ഷകളിന്മേൽ മാത്രമാണ് തുടർനടപടി സ്വീകരിച്ചത്. ബാക്കിയുള്ള അപേക്ഷകളിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അപേക്ഷകൾക്ക് കറന്റ് നമ്പർ നല്കിയിട്ടില്ല. തുടർവർഷങ്ങളിലേയ്ക്ക് ഇവയുടെ രേഖപ്പെടുത്തലുകൾ കൊണ്ടു വന്നിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയം സംബന്ധിച്ച നടപടിക്രമങ്ങളിലെ അപാകതകൾ

1) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 14പ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12ാംചട്ടം പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13ാംചട്ടം പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ്

രസീത് വാങ്ങേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

2) നിയമാനുസൃതമല്ലാത്ത കെടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം :

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെടിടനമ്പർ നല്കുന്നതിലെ പൊതുവായ അപാകതകൾ താഴെപ്പറയുന്നു :

i) ചട്ടപ്രകാരമല്ല നമ്പർ നല്കുന്നത്

2016-17 ൽ ഫാത്തിമ, നടുവിലക്കണ്ടി, ആവള എന്നയാളുടെ പേരിലുള്ള വീടിനു നമ്പർ നല്കിയിരിക്കുന്നത് "U/A 3/11A" എന്നാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 20 (2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിനു കെടിടനമ്പർ നല്കേണ്ടത് സാധാരണ രീതിയിലായിരിക്കാൻ പാടുള്ളതല്ല. നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന ' U A ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിടനമ്പർ രൂപപ്പെടുത്തിയാണ് നമ്പർ നല്കേണ്ടത്. ഇപ്രകാരം കെട്ടിടനമ്പർ നല്കുന്നത്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എ എ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരാവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെടിടഉടമയോ പ്രസ്തുത കെട്ടിടനമ്പർ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

ii) ഡിമാന്റ് നോട്ടീസ് നല്കുന്നില്ല

മേൽ ചട്ടങ്ങൾ 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്,235 എ എ വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തു നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഉടമസ്ഥന് നല്കേണ്ടതുമാണ്. 14 (3) പ്രകാരം ഡിമാന്റ് നോട്ടീസ് ഉടമസ്ഥന് നല്കിയത്, അയാൾ അല്ലെങ്കിൽ അയാളുടെ ഏജന്റ് കൈപ്പറ്റിയതിന് , ഡിമാന്റ് നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്.

3) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി. ഒ. (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2016-17ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചിട്ടില്ല.

4) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ. ഉ (എം .എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്സ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ സ.ഉ (എം. എസ്) നം. 358/15/ ത സ്വ ഭ വ തിയ്യതി 16/12/2015 ൽ പറയുന്ന അനുബന്ധം (2) പ്രകാരം സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.

ഉദാ :

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ, മേൽ വിലാസം |
|---|---|---|
| 1 | രേഖ ബിജു | 4/439 A മണികണ്ഠവില്ല,കുട്ടോത്ത് |
| 2 | കുഞ്ഞബ്ദുള്ള | 3/98 ചിറക്കര,കുട്ടോത്ത് |
| 3 | ലക്ഷ്മിയമ്മ | 3/371 മീത്തലെ പാലക്കൽ |
| 4 | കുഞ്ഞിക്കണ്ണൻ | 3/197 വട്ടുവനക്കണ്ടി,കുട്ടോത്ത് |
| 5 | ചന്ദ്രൻ | 2/322 തറമ്മൽ,ആവള |

5) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്റ്റിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പോരേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ 21(3) പ്രകാരം,ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

6) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും,നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്.

എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-5 സഞ്ചയ സോഫ്റ്റ് വെയറിന്റെ അപാകതകൾ.

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ച് വരുന്ന സഞ്ചയ സോഫ്റ്റ് വെയറിന്റെ ചില അപാകതകൾ താഴെപ്പറയുന്നു :

1.പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്ത ഓണർഷിപ്പ് സർട്ടിഫിക്കേറ്റ്

നാലിൽ കൂടുതൽ ആളുകൾ ഉടമകളായുള്ള കെട്ടിടങ്ങളുടെ ഓണർഷിപ്പ് സർട്ടിഫിക്കേറ്റിൽ മുഴുവൻ പേരുടേയും വിവരങ്ങൾ ലഭിക്കുന്നില്ല. ഭാവിയിൽ ഗുരുതരമായ നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായിട്ടും ലാഘവ ബുദ്ധിയോടെയാണ് സോഫ്റ്റ്വെയർ നിർമ്മാതാക്കൾ ഇത് കൈകാര്യം ചെയ്യുന്നത്.

ഉദാ :

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| 1 | 13/179 | 1. Riyas K P<br>2. Muhammed Faisal<br>3. Hamsa<br>4.Savad<br>5.Irshad<br>6. Thamjeed<br>7. Thasneena<br>8. Bushara |

2. പൊതു ജനങ്ങളും പഞ്ചായത്ത് ഓഫീസിലും ഒരേ ലോഗിൻ ഉപയോഗിക്കുന്നു.

പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന അതേ ലോഗിൻ ഉപയോഗിച്ചാണ് പൊതു ജനങ്ങളും സൈറ്റിൽ നിന്ന് ഓണർഷിപ്പ് സർട്ടിഫിക്കേറ്റ് ഡൗൺ ലോഡ് ചെയ്യുന്നത്. വ്യാപകമായ ദുരുപയോഗം നടന്നതിനാൽ കെ. എസ്. ഇ. ബി യ്ക്ക് നല്കുന്ന ഓണർഷിപ്പ് സർട്ടിഫിക്കേറ്റ് സൈറ്റിൽ നിന്ന് പിൻവലിച്ചതിനാൽ, ഓഫീസിൽ നിന്നും ഇത് അനുവദിക്കാൻ കഴിയാതെ വരുന്നു.

3. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതിപരിഷ്കരണം

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയയിൽ ചേർക്കാൻ കഴിയില്ല. ഇക്കാരണത്താൽ ഇത്തരം കെട്ടിടങ്ങളുടെ നികുതിപരിഷ്കരണം സഞ്ചയയിൽ സാദ്ധ്യമല്ല.

4-സഞ്ചയയിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2016-17 വർഷം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 8,28,731 രൂപ ഡിമാന്റായി കാണിച്ചിട്ടുണ്ട്. ഇതിൽ 8,38,609 രൂപ അരിയർ കളക്ഷനായതായും 42432 രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായുമാണ് സഞ്ചയയിൽ തയ്യാറാക്കിയ ഡി.സി.ബി പത്രികയിൽ കാണിച്ചിട്ടുള്ളത് . കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 2-6 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1). ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് (ട്രേഡേഴ്സ്)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2016-17 ലെ കച്ചവടക്കാരുടെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ ക്രമ നമ്പർപോലും നല്കാതെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പേരോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാൽ ഡി&ഒ രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തൊഴിൽനികുതി അടയ്ക്കാത്തവരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല.

2) തൊഴിൽ നികുതി ഈടാക്കിയില്ല

(i) കരാറുകാർ :

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, ഉപവകുപ്പ് (1) ( എ )(i) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ,ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതിചുമത്തേണ്ടതാണ്, എന്നാൽ പഞ്ചായത്തിനുവേണ്ടി പ്രവൃത്തി നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | മഹേശ്വര കൺസ്ട്രക്ഷൻസ് പേരാമ്പ്ര |
| 2 | ഇബ്രാഹിം കെ പി<br>കിഴക്കെ പറമ്പത്ത്,ചേരാപുരം,കക്കട്ടിൽ |
| 3 | രാംജിത്ത്, പി എം<br>പറമ്പത്ത് മീത്തൽ,മേപ്പയ്യൂർ |

| | |
|---|---|
| 4 | ആൽവിൻ ജോർജ്ജ്<br>കൊടിമരത്തുമൂട്ടിൽ മൊടക്കല്ലൂർ,അത്തോളി |
| 5 | മുജീബ് പി പി<br>പന്തപ്പിലാക്കുൽ,ചെറുവണ്ണൂർ പി ഒ |
| 6 | സി എം ഷാജു<br>ശാന്തി (വീട്) ആവള |
| 7 | പി ജാഫർ<br>പട്ടയാട് (വീട്), ചെറുവണ്ണൂർ |
| 8 | വി കെ സാജു<br>വെള്ളിയോടൻകണ്ടി പേരാമ്പ്ര |
| 9 | പി കുഞ്ഞിമൊയ്തി<br>പനോട്,നൊച്ചാട്, പേരാമ്പ്ര |
| 10 | ശ്യാദുൽ ,' ലിറ്റിൽ പീസ് '<br>കരുവിശ്ശേരി കോഴിക്കോട് |
| 11 | എം എം ബാലകൃഷ്ണൻ<br>ചെറിയ മഠത്തിൽ വീട്,കൽപ്പത്തൂർ കോഴിക്കോട് |
| 12 | കെ എം സഹദേവൻ<br>പടിക്കൽ വീട്,ചെറുകുളത്തൂർ, കോഴിക്കോട് |
| 13 | സെക്രട്ടറി, രാവറ്റ മംഗലം ലേബർ കോൺട്രാക്റ്റ് & കൺസ്ട്രക്ഷൻസ് കോ-ഓപ് സൊസൈറ്റി കൽപ്പത്തൂർ |
| 14 | പ്രസിഡന്റ്, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് & കൺസ്ട്രക്ഷൻസ് കോ-ഓപ് സൊസൈറ്റി, മടപ്പള്ളി കോളേജ് വടകര |

(ii) മറ്റു സ്ഥാപനങ്ങൾ, ജീവനക്കാർ

ലിറ്റിൽ ഫ്ളവർ സ്കൂൾ ചെറുവണ്ണൂർ, എവർഗ്രീൻ പബ്ളിക് സ്കൂൾ മുയിപ്പോത്ത്, കള്ള് ഷാപ്പ് ചെറുവണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി ചുമത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പൊതുജനങ്ങൾക്ക് കാണത്തക്കവണ്ണം, ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നികുതി കൊടുക്കേണ്ടതാണ്. 209 (ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങളിൽ നിന്ന് പരസ്യ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് കരട് ബൈലോ തയ്യാറാക്കി പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരത്തോടെ പരസ്യ നികുതി പിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## **2-8** ബസ്സ് ലേലം -മൂല്യനിർണ്ണയത്തിൽ കുറഞ്ഞ തുകയ്ക്ക് വിറ്റു

ഗ്രാമപഞ്ചായത്തിൽ നിന്നു ചെറുവണ്ണൂർ ഗവർമ്മെന്റ് യു.പി.സ്കൂളിനനുവദിച്ച ബസ്സ്പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 151/15 നമ്പർ തീരുമാന പ്രകാരം ലേലം ചെയ്യുവാൻ തീരുമാനിച്ചു.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനിയർ പി ഡ ബ്ളിയു ഡി മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോട്ന്റെ No D1/SR/ dated; 04.12.2015ലെ കത്ത് പ്രകാരം 65000 രൂപ മൂല്യനിർണ്ണയം ചെയ്തു.(വാഹനം 1,82,839 kms ഓടിയ 2005 Model,Eicher Mini Bus ആണ്.)ആദ്യലേലം 10.3.2016 ന്ന് നടക്കുകയും 65100 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയു ചെയ്തു. ഷാനവാസ് മുന്നാസ് ഹൗസ് ആണ് ലേലക്കാരൻ.എന്നാൽ ലേലക്കാരൻ പണം അടവാക്കാത്തതിനാൽ ലേലം റദ്ദാക്കുകയും 20.08.2016ന് പുനർലേലം നടത്തുകയു എം.പി.മുസ്തഫ ,ഓൾഡ് മോട്ടോർ പാർട്ട്സ് എം.ജി റോഡ് കോഴിക്കോട് എന്ന ലേലക്കാരന് 56500 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. ആദ്യലേലത്തിൽ 8പേരും രണ്ടാമത്തെ ലേലത്തിൽ 16പേരും പങ്കെടുത്തു. ലേലത്തിൽ 16 ലേലക്കാർ ഉണ്ടായിട്ടും മൂല്യനിർണ്ണയത്തിൽ കുറഞ്ഞ തുകയ്ക്ക് ലേലം ചെയ്തതിന്ന് വിശദീകരണം നൽകേണ്ടതാണ്.ഇതിനു പുറമെ 5% വാറ്റ് നികുതി ഇനത്തിൽ 2825/- രൂപ ഈടാക്കിയെങ്കിലും തുക അടവാക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

## **2-9** ലൈബ്രറി സെസ്സ് അടയ്ക്കുന്നില്ല

2000 ലെ കേരള അധികാര വികേന്ദ്രീകരണ നിയമം 35(8) (3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/സി 3/05/എൽ എസ് ജി ഡി നം. കത്ത് പ്രകാരം പഞ്ചായത്ത് ഒരു വർഷം ലൈബ്രറി സൈസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്. 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം 119,832/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2015-16 വരെ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അടച്ചിട്ടുണ്ട്. 2015-16 വർഷം പിരിച്ചെടുത്ത 83122/-രൂപ (19220,63902) യഥാക്രമം 2015 നവംബർ 30, 2016ഏപ്രിൽ 30 എന്നീ തിയ്യതികളിൽ അടയ്ക്കാതെ 10.01.2017 ന് ലൈബ്രറി കൗൺസിലിന് അയച്ചു കൊടുത്തതായി കാണുന്നു. 2015-16 ൽ പിരിച്ചെടുത്ത സെസ്സ് യഥാസമയം അടയ്ക്കാത്തതിനും 2016-17 ൽ പിരിച്ചെടുത്ത സെസ്സ് അടയ്ക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## **2-10** ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല

2016-17 ൽ 274 സ്ഥാപനങ്ങളാണ് കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ലൈസൻസ് എടുത്തിരിക്കുന്നത്. പഞ്ചായത്തിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനും പ്രാദേശികമായി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്താത്തതും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും മേൽ അപാകതകൾ പരിഹരിച്ചിട്ടില്ല. പ്രാദേശികമായി പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയിലെ -ധനവിനിയോഗത്തിലെ അപാകതകൾ

നിർവ്വഹണം- വെറ്റിനറി സർജൻ

തൻവർഷം വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ടുകളിൽ പെണ്ണാട് വിതരണം (S0046/17) കറവപശു വിതരണം (s0047/17) എന്നിവയുടെ ധനവിനിയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

പെണ്ണാട് വിതരണത്തിൽ തൻവർഷം 630000/-രൂപ ചെലവഴിച്ച .21 ഗുണഭോക്താക്കളാണുള്ളത് . മേൽ തുകയിൽ 450000/- പദ്ധതിവിഹിതവും 180000 ഗുണഭോക്തൃവിഹിതവുമാണ് .ഒരു ഗുണഭോക്താവിന് 21000/-രൂപ വിലവരുന്ന 3 ആടുകളെ നൽകുന്നു. ആടുകൾ ആരിൽ നിന്നാണോ വാങ്ങിയത് അവർക്കാണ് തുക നൽകേണ്ടത്.(ഒരാടിന്റെ വില 7000 /-രൂപ) പദ്ധതി വിഹിതപ്രകാരമുള്ള തുക15000/- അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ഗുണഭോക്തൃവിഹിതമായ 6000 രൂപ നേരിട്ട് ട്രഷറി ചെക്ക് മുഖേനെയാണ് ആടിനെ വിറ്റവർക്ക് നൽകിയത്.

കറവപശു വിതരണത്തിൽ തൻവർഷം 630000 രൂപ ചെലവഴിച്ചു.(420000 വികസനഫണ്ട്,210000 ഗുണഭോക്തൃ വിഹിതം). 21 ഗുണഭോക്താക്കൾക്ക് പശുവിതരണം ചെയ്തു. ഒരു പശുവിന്റെ വില 30000 രൂപയാണ്. പശുവിനെ ഗുണഭോക്താവിന് വിറ്റവ്യക്തിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ആയി വികസനഫണ്ട് ഇനത്തിലുള്ള തുക നൽകി. എന്നാൽ ഗുണഭോകതൃവിഹിതം പ്രകാരം ഓരോ പശുവിനും നൽകേണ്ട 10000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ചെക്ക് പ്രകാരമാണ് നൽകിയത് .ധനവിനിയോഗ ഉത്തരവുകളായ ജി.ഒ; (പി) 177 /2006 ധനം-12-4-2006,ജി.ഒ.(പി) 119/2015 ധനം 21-3-2016 എന്നിവ പ്രകാരം 1000 രൂപയിൽ അധികമുള്ള തുക ഡി.ഡി.യായി നൽകേണ്ടതും,പുതുക്കിയ പദ്ധതി മാർഗ്ഗരേഖ പ്രകാരം തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്. മേൽപറഞ്ഞ രീതിയിൽ ധനവിനിയോഗത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 12,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 ലാപ്പ്ടോപ്പ് വിതരണം -സർക്കാർ നിശ്ചയിച്ചതിലും അധികം വില നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ചെലവഴിച്ച തുക : 634788

പ്രോജക്ട് നം : S0112/17

ബിൽ നം. : 9/16-17/31.03.2017

തൻവർഷം നടപ്പിലാക്കിയ പദ്ധതിയായ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണ പ്രകാരം

22 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്തു.ഇ ടെൻണ്ടർ മുഖേന ഏറ്റവും കുറഞ്ഞ വില നിർദ്ദേശിച്ച എക്സലന്റ് ഐ.ടി വേൾഡ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് കമ്പ്യൂട്ടർ വാങ്ങിയത്. സ.ഉ(സാ.ധാ)നം-2464/2016 ത.സ്വ.ഭ.വ തീയ്യതി 17-6-2006 ലെ ഉത്തരവ് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക്ക് വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകുന്നതിന് അനുമതി നൽകി.കൂടാതെ ജി.ഒ(എം.എസ്) 4/2016 എൽ.എസ്.ജി.ഡി തീയ്യതി 11-1-2016 പ്രകാരം എൻഞ്ചിനീയറിംഗ്/ മെഡിക്കൽ,ചകമ്പ്യൂട്ടർ സയൻസ്, ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്,കമ്പ്യൂട്ടറുകൾ വാങ്ങിനൽകുവാൻ അനുവദിക്കുന്നു. എന്നാൽ തൻവർഷം 22 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തു. 29400/-രൂപയാണ് ഒരു ലാപ്പ്ടോപ്പിന്റെ വില. ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക്ക് വിദ്യാർത്ഥികൾക്കുമാണ് ലാപ്പ്ടോപ്പ് നൽകാനുള്ള തീരുമാനം. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി മറ്റ് പല കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. ഇവർ പഠിക്കുന്ന കോഴ്സ് ബിരുദ / പോളി ഡിപ്ളോമ കോഴ്സിന് തുല്ല്യമാണോ എന്ന് വ്യക്തമാക്കുന്ന Eqivalalent certificate ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കോഴ്സകളുടെ തുല്യത പരിശോധനാവിധേയമാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-3** <u>അംഗൻവാടികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർ വൈസർ

പ്രോജക്ട് നം : എസ് 0040/17

അങ്കണവാടികളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി വിവിധ സാധനങ്ങൾ തൻ വർഷം വാങ്ങി. സ്റ്റീൽ ഫർണ്ണിച്ചറുകൾ ,ഫൈബർ ചെയറുകൾ,സ്റ്റീൽ സ്ലോട്ടഡ് ആങ്കിൾഡ് റാക്ക് ,സ്റ്റീൽ ഫുഡ് കണ്ടെയ്നർ എന്നിവ വാങ്ങി. രാജധാനി ഫർണ്ണിച്ചർ പേരാമ്പ്ര,പുത്തൂർ എന്റർ പ്രയിസസ് നടക്കാവ് -കോഴിക്കോട്,കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്.രാജധാനി ഫർണിച്ചറിൽ നിന്നും 30 ഫൈബർ ചെയറുകൾ 19950 രൂപ ചെലവഴിച്ച് വാങ്ങി.(ഇൻവോയ്സ് നം-139/24-1-17) .കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 142638 /-രൂപ ചെലവഴിച്ച് സ്റ്റീൽ റാക്ക്,ഫർണിച്ചർ എന്നിവ വാങ്ങി. (ഇൻവോയ്സ് നം-399 തീയ്യതി 24-08-17). പുത്തൂർ ഫർണിച്ചറിൽ നിന്നും 250 ഫൈബർ ചെയർ 125000/-രൂപ ചെലവഴിച്ച് വാങ്ങി.(ബിൽ നം-B-182 തീയ്യതി 29-3-2017) എന്നാൽ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 8-11-2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഓഫീസ് ഉപകരണം ,ഫർണിച്ചർ എന്നിവ വാർഷികാവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണം. അതിൽ നിന്നും വ്യത്യസ്തമായി വിവിധ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയത്.വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരഭത്തിൽ നടത്തണം.എന്നാൽ അത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 144950/- രൂപയും ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-4** <u>മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ മരുന്നും ഉപകരണങ്ങളും ലഭിച്ചില്ല.</u>

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് ( പ്രോജക്ട് നം-23/17) നടത്തിപ്പിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായുള്ള വിവിധ ഉപകരണങ്ങളുടെയും

സാധനങ്ങളുടെയും വിലയായി 25000/- രൂപ പെർഫോർമ ഇൻവോയ്സ് നം-3230 തീയ്യതി 6-3-17 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട് . എന്നാൽ നാളിതുവരെയും ഉപകരണങ്ങളും സാധനങ്ങളും ലഭിച്ചിട്ടില്ല. ഹെൽത്ത് സെന്ററിനാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ (പ്രോജക്ട്നം-51/17) 40000/-രൂപ പെർഫോർമ ഇൻവോയ്സ് നം-2950 തീയ്യതി 27-2-17 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട് . പ്രസ്തുതതുകയിൽ 18228 രൂപയുടെ മരുന്നുകൾ 3-6-2017 ലെ ഇൻവോയ്സ് നം- 846 പ്രകാരവും, 8993 രൂപയുടെ മരുന്നുകൾ 19-5-17 ലെ ഇൻ നം -646 പ്രകാരവും ലഭിച്ചിട്ടുണ്ട്. 12779/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. 12779/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് നഴ്സിന് കൃത്യമായി വേതനം നൽകുന്നില്ല

പ്രോജക്ട് നം -23/17

അടങ്കൽ -400000/-

ചെലവ് -364983/-

പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മേൽ പ്രകാരം തുക ചെലവഴിച്ചട്ടുണ്ട്.തുക പ്രധാനമായും ചെലവഴിച്ചിരിക്കുന്നത് പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹോണറേറിയം , വാഹനത്തിന് ഇന്ധനം,ഡ്രൈവറുടെ വേതനം,പാലിയേറ്റീവ് കെയർ ടീമിന്റെ ഭക്ഷണ ചെലവുകൾക്കായാണ്.ഓഡിറ്റ് പരിശോധന സമയത്ത് പാലിയേറ്റീവ് നഴ്സ് അറിയിച്ചത് പല മാസങ്ങളിലും കൃത്യമായി വേതനം ലഭിച്ചില്ല എന്നാണ്. പാലിയേറ്റീവ് പരിചരണ പ്രോജക്ടിന്റെ നടത്തിപ്പ് പാലിയേറ്റീവ് നഴ്സിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കെ കൃത്യ സമയത്ത് നഴ്സിന് വേതനം നൽകുന്നതിലുള്ള വീഴ്ച പാലിയേറ്റീവ് കെയർ ടീമിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ബാധിക്കാനിടയായതായി ഓഡിറ്റ് വിലയിരുത്തുന്നു. ജി.ഒ(ആർ.ടി)3217/2015 ത.സ്വ.ഭ.വ തീയ്യതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 2.10.3 പ്രകാരം ഹോംകെയർ മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി.എം.സികൾ ഉറപ്പാക്കണം .ഹോം കെയർ ടീമിലെ സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണം ,പാലിയേറ്റീവ് കെയർ നഴ്സിനുള്ള ഹോണറേറിയം , വാഹനവാടക മുതലായ ചെലവുകളുടെ പേമെന്റ് കൃത്യമായി നൽകേണ്ടത് ഹോംകെയർറിന്റെ വിജയത്തിന് അത്യാവശ്യമാണ്.ഓരോമാസത്തെയും ഇത്തരം പേമെന്റുകൾ അടുത്തമാസം 10 -ാം തീയ്യതിക്കുമ്പായി നിർബന്ധമായും നൽകേണ്ടതാണ്. ഖണ്ഡിക 2.10.5 പ്രകാരം അംഗൺവാടി പോഷകാഹാര പരിപാടിപോലെ എല്ലാവർഷവും തുടർച്ചയായി നടക്കേണ്ട ഒരു പ്രോജക്ടാണിത്.രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായി പരിചരണം ലഭ്യമാകുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽക്കാലികമായി തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ചതുക പിന്നീട് പ്രോജക്ടിന് അംഗീകാരം കിട്ടിയതിന് ശേഷം തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

പാലിയേറ്റീവ് പരിചരണ പ്രവത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ വെച്ച് ഓരോമാസത്തിലും അവലോകനയോഗങ്ങൾ കൂടേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷം പി.എം.സി നാല് അവലോകനയോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. സർക്കാർ നിർദ്ദേശിച്ച രീതിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 ടി.എച്ച്.ആർ.എസ്.ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് .സൂപ്പർ വൈസർ

ഓഡിറ്റ് വർഷം 10983.50 കിലോഗ്രാം ടി.എച്ച്.ആർ.എസ് ഭക്ഷ്യധാന്യം 646348 രൂപ ( ട്രാൻസ്പോർട്ടേഷൻ അടക്കം) ചെലവഴിച്ച് വാങ്ങി. എന്നാൽ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് .ബി 3-312/2010 : 18-12-2010 സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ഷൻ സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും വ്യവസ്ഥയുണ്ട്. ഇപ്രകാരം മാത്രമേ ഭക്ഷ്യ ധാന്യത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്താൻ സാധ്യമാകൂ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യം വാങ്ങേണ്ടതും, അതിന്റെ വില നൽകേണ്ടതും. എന്നാൽ തൻവർഷം ന്യൂട്രിമിക്സ് വാങ്ങിയെങ്കിലും അവ പരിശോധിച്ച ലാബ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-7 അങ്കണവാടികളിലെ പോഷകാഹാരവിതരണം പദ്ധതിമാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.2016 പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണ നിലവാരവും കൂടെക്കൂടെ പരിശോധനക്ക് വിധേയമാക്കണം . ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്കു പുറമെ ഗ്രാമസഭ / വാർഡ് സഭ അംഗങ്ങളിൽ നിന്ന് പൊതു സമ്മതരായ രണ്ടുപേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം .ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണ എങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണ നിലവാരവും സംബന്ധിച്ച് റിപ്പോർട്ട് ഗ്രാമ -ബ്ളോക്ക് പഞ്ചായത്തുകൾക്കും /നഗരസഭകൾക്കും സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ അങ്കണവാടി സ്ഥിതിചെയ്യുന്ന പ്രദേശമുൾപ്പെടുന്ന അയൽ സഭയുടെ നിർവ്വഹണ സമിതി അംഗൺവാടിയിലെ പോഷകാഹാരവിതരണം കൂടെ കൂടെയുള്ള പരിശോധനക്ക് വിധേയമാക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇത്തരം വ്യവസ്ഥകളൊന്നും തൻവർഷം പാലിച്ചതായികാണുന്നില്ല.

മാർഗ്ഗരേഖകൾ നിർദ്ദേശിച്ച വിധത്തിലുള്ള പദ്ധതി നടത്തിപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 എസ്.സി വിദ്യാർത്ഥികൾക്ക് - പഠനോപകരണങ്ങൾ വിതരണം ആവശ്യമായതിലും അധികം ഫർണിച്ചർ വാങ്ങി.

പ്രോജക്ട് നം-110/17

അടങ്കൽ -136000/

ചെലവ് -136000/-

നിർവ്വഹണം-ഹെഡ്മാസ്റ്റർ.

പഞ്ചായത്തിലെ ഒന്നാംതരത്തിൽ പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായി മേശയും കസേരയും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി കാഡ്കോ യുടെ ഇൻവോയ്സ് നം-489/29-3-17 പ്രകാരം 136000/- രൂപ ചെലവിൽ 34 സ്റ്റീൽ മേശയും കസേരയും വാങ്ങിയിട്ടുണ്ട്. ഫർണിച്ചറുകളുടെ വിതരണം പരിശോധിച്ചതിൽ 33 വിദ്യാർത്ഥികൾക്ക് മാത്രമേ മേശയും കസേരയും വിതരണം നടത്തിയിട്ടുള്ളൂ. ഒരു മേശയും കസേരയും വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കാതെ ഫർണിച്ചറുകൾ വാങ്ങിയതാണ് 4000 രൂപ

വിലവരുന്ന മേശയും കസേരയും അർഹരായ ഗുണഭോക്താവിനെ കണ്ടെത്താൻ കഴിയാതെ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടിവന്നത് ആയതിന് വിശദീകരണം നൽകേണ്ടതാണ്. വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഫർണിച്ചറിന്റെ വിലയായ 4000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 അഗതി ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ അഗതി ആശ്രയ ലിസ്റ്റിൽപ്പെട്ട 110 കുടുംബങ്ങൾക്ക് നിലവിൽ ഭക്ഷ്യധാന്യ വിതരണം നടത്തിവരുന്നുണ്ട്.ഭക്ഷ്യധാന്യ വിതരണത്തിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുകയുള്ള ഭക്ഷ്യ ധാന്യങ്ങളാണ് മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയിരിക്കുന്നത്

| ക്രമ നം | ബിൽ നം / തീയ്യതി | തുക |
|---|---|---|
| 1 | 16243/22-9-16 | 27876 |
| 2 | 16445/30-1-17 | 54781 |
| 3 | 16570/6-3-17 | 100000 |

മേൽ ബില്ലുകൾ പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളിൽ 27876/- രൂപയുള്ള സാധനങ്ങൾ ഏപ്രിൽ മാസത്തേതായും 54781/- രൂപയുടെ സാധനങ്ങൾ മെയ്, ജൂൺ മാസങ്ങളിലേതായും ,100000/- രൂപയുള്ള സാധനങ്ങൾ ജൂലായ്, ആഗസ്റ്റ്, സപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേതായും വിതരണം നടത്തിയതായാണ് വിതരണ രജിസ്റ്റർ പ്രകാരം കാണിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഓഡിറ്റ് വർഷത്തെ ഭക്ഷ്യധാന്യ വിതരണം പരിശോധിച്ചതിൽ രജിസ്റ്റർ പ്രകാരം ഒൻപത് മാസങ്ങൾ മാത്രമാണ് അഗതി ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം നൽകിയിരിക്കുന്നത്. മൂന്നുമാസം ഭക്ഷ്യധാന്യം വിതരണം നടത്തിയിട്ടില്ല.
2. ഭക്ഷ്യധാന്യങ്ങൾ മാവേലിസ്റ്റോറിൽ നിന്നും വാങ്ങി സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിരിക്കുന്നത് ആശ്രയ വിതരണ രജിസ്റ്ററിൽ ഭക്ഷ്യധാന്യം കൈപ്പറ്റിയത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ ഒപ്പ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.ഓരോരുത്തർക്കും എത്ര അളവ് വീതം ഭക്ഷ്യ ധാന്യങ്ങളാണ് വിതരണം ചെയ്തിരിക്കുന്നതെന്നോ ഏത് തീയ്യതിയിലാണ് വിതരണം ചെയ്തതെന്നോ ഉള്ള വിവരങ്ങൾ ഇല്ല.ആയതിനാൽ ഭക്ഷ്യ ധാന്യ വിതരണത്തിന്റെ കൃത്യത ഒറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.
3. അഗതി ആശ്രയ കുടുംബങ്ങളുടെ പോഷകാഹാരകുറവ് പരിഹരിക്കപ്പെടുന്നതിനാണ് ഭക്ഷ്യ ധാന്യ വിതരണം നടത്തുന്നത് എന്നിരിക്കെ പ്രതിമാസം ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നതിന് പകരം രണ്ടും നാലും മാസങ്ങളിലേത് ഒരുമിച്ച് വാങ്ങി വിതരണം നടത്തിയിരിക്കുന്നത്.
4. മാവേലി സ്റ്റോറിൽ നിന്നും ബിൽ നം-16570/6-3-17 പ്രകാരം 100000/-രൂപയുടെ സാധനങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ടെങ്കിലും മേൽ തുക മാവേലി സ്റ്റോറിനു നൽകിയത് സംബന്ധിച്ച് സപ്ളൈക്കോവിന്റെ കൈപ്പറ്റ് രസീതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
5. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.ആശ്രയ പദ്ധതികളുടെ പൊതു നടത്തിപ്പിന്റെ മേൽ നോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ് . ആശ്രയ പ്രോജക്റ്റിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഉപസമിതി

രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഇതിന്റെ അദ്ധ്യക്ഷൻ . ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തദ്ദേശഭരണ സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൺ വാടി സൂപ്പർവൈസർ, സിഡിഎസ്സിലെ സാമൂഹിക വികസനത്തിന്റെ (ആശ്രയ) ചുമതലയുള്ള അംഗം ഈ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ള രണ്ട് സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായിരിക്കണം . രണ്ട് മാസത്തിലൊരിക്കൽ പഞ്ചായത്ത് ഭരണ സമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ നിബന്ധനകൾ ഒന്നും പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

## 3-10 പദ്ധതിതുക ഉപയോഗത്തിൽ വീഴ്ച വരുത്തി

പ്രോജക്ട് നം- 29 /17

അടങ്കൽ - 3,00,000/-

ചെലവ് - ഇല്ല

നിർവ്വഹണം- വി ഇ ഒ

ആശ്രയ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ , അഗതി ലിസ്റ്റിൽപ്പെട്ട 110 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകുന്നതിനു 21.03.2017 നു ട്രഷറിയിൽ സമർപ്പിച്ച ഒരു ലക്ഷം രൂപയുടെ ബിൽ മടങ്ങിയതിനെ തുടർന്ന് 31.03.2017 നു വീണ്ടും സമർപ്പിച്ചെങ്കിലും പാസാകാതെ തൻ വർഷം തുക പാഴായിരിക്കുകയാണ്.ഇതു സംബന്ധിച്ച് നർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കാത്തതിനാൽ സ്പിൽ ഓവർ ലിസ്റ്റിലും ഉൾപ്പെടുത്തിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും രേഖാമൂലം വിശദീകരണം തേടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 വെള്ളക്കരം - കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 27 സ്ട്രീറ്റ് ടാപ്പുകളുടെ ഏപ്രിൽ മാസത്തിലെ വെള്ളക്കരം ഇനത്തിൽ 11813/- രൂപ അടയ്ക്കുന്നതോടൊപ്പം 31.03.2016 വരെയുള്ള കുടിശ്ശികയിനത്തിൽ 36,22,546/-രൂപ അടയ്ക്കുന്നതിനു 19.04.2016 ലെ പബ്ലിക് ഹെൽത്ത് ഡിവിഷൻ എകസി എഞ്ചിനീയറുടെ ബില്ല പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.09.2016 ജി ഒ (ആർ ടി) 2242/2011 നമ്പർ ഉത്തരവു പ്രകാരം സംയുക്ത പരിശോധന നടത്താത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രണ്ടാഴ്ചയ്ക്കകം വാട്ടർ അതോറിറ്റിയ്ക്ക് കത്തു നല്കേണ്ടതാണ്. കുടിശ്ശിക തീർക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം - 106/17

അടങ്കൽ - 9,60,000/-

ചെലവ് - 9,60,000/-

നിർവ്വഹണം- വി ഇ ഒ

ബിൽ നം – 07/16-17 തി 22.02.2017

ഐ.എ.വൈ പഞ്ചായത്ത് വിഹിതമായി പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 9,60,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് . ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-

പ്രോജക്റ്റ് നം - 25 /17

അടങ്കൽ - 3,00,000/-

ചെലവ് - 3,00,000/- (ബിൽ നം-1/30-12-2016)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ )

മേൽ പദ്ധതിയിൽ വിവിധ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനു കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസിക്ക് (ആലപ്പുഴ) പെർഫോർമ ഇൻവോയ്സ് 710/17-12-16 പ്രകാരം വടകര സബ് ട്രഷറി മുഖേന ഓൺ ലൈൻ ട്രാൻസ്ഫറായി മൂന്ന് ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകളുടെ വില മുൻകൂറായി നൽകിയെങ്കിലും സ്ഥാപനവുമായി യാതോരുവിധ കരാറിലും ഏർപ്പെടാതെയാണ്തുക നൽകിയത്. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 300000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 വീട് നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ തുടർന്നുവരുന്ന വീട് നിർമ്മാണ പദ്ധതികളിൽ ചിലത് നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടല്ല. വിശദവിവരങ്ങൾ താഴെ പറയുന്നു.

| | ഗുണഭോക്താവിന്റെ പേര് വിവരം | കൈപ്പറ്റിയ തുക | അവസാന ഗഡു | വിശദവിവരം |
|---|---|---|---|---|
| 1 | ബാബു/ മല്ലിക എടച്ചേരിചാലിൽ | 80000 | 60000<br>23-3-16 | പ്രോജക്റ്റ് നം 13/2016 |
| 2 | സത്യൻ/ റീന വലിയപറമ്പിൽ | 140000 | 60000<br>3-2-17 | പ്രോജക്റ്റ് നമ്പർ<br>15/2016 |
| 3 | പൊലിയായി പിലാത്തറതാഴെ കുനി | 180000 | 40000 | |
| 4 | പ്രവിത .വി.കെ<br>നിറയിൽ ,ചെറുവണ്ണൂർ | 180000 | 40000 | |

മേൽപറഞ്ഞ വീടുകൾക്ക് വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. സമയ പരിധിക്കുള്ളിൽ വീടുകൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-15 നെൽ കൃഷി പ്രോത്സാഹിപ്പിക്കൽ-വിജയകരമായി പ്രോജക്റ്റ് നടപ്പിലാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരംരണ്ട് പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| തരിശു നിലം കൃഷിയോഗ്യമാക്കൽ<br>(പ്രോജക്റ്റ്-44/17) | 300000 (തനത്ഫണ്ട്) | 300000<br>(ചെക്ക് നം-1278261 തീയ്യതി -5-12-16) |

| | | |
|---|---|---|
| നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി,വിത്ത് വിതരണം | 1200000<br>(840000-വികസനഫണ്ട്,<br>420000-<br>ജില്ലാപഞ്ചായത്ത്ഫണ്ട്) | 1200000<br>(ബിൽ നം-1/15-11-16<br>തുക-420000/-<br>ബിൽ നം-4/27-3-17<br>തുക-300000/-<br>ബിൽനം-5/30-3-17<br>തുക-120000<br>ട്രഷറിചെക്ക് നം-3471303<br>തീയ്യതി-29-3-17<br>ട്രഷറിചെക്ക് നം-3471305<br>തീയ്യതി-29-3-17 |

ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി നെൽകൃഷി മുടങ്ങിക്കിടന്ന പാടങ്ങളിലെ പായലും വെള്ളക്കെട്ടും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കുന്നതിനായുള്ള 8-2-2016 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.ഇതിനായി തനത് ഫണ്ടിൽ നിന്നും 300000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി.പഞ്ചായത്തിലെ പേരാമ്പ്ര ബ്ളോക്കിന് കീഴിൽ പ്രവർത്തിക്കുന്ന ഹരിത മോഡൽ അഗ്രോ സർവ്വീസ് സെന്ററിലെ 22 വർക്കിംഗ് ഗ്രൂപ്പ് മെമ്പർമാർ വഴി 100 ഏക്കർ തരശുനിലം കൃഷിയോഗ്യമാക്കുന്നതിന് ഒര്ഏക്കറിന് 3000 രൂപ എന്ന നിരക്കിലാണ് പദ്ധതിക്കായി തുക വകയിരുത്തിയത്.പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 2016 ആഗസ്ത് മാസം മുതൽ അഗ്രോസർവ്വീസ് സെന്റർ നടത്തിയ ആവളപാണ്ടിയിലെ പ്രദേശങ്ങളിലെ പായൽ നീക്കം ചെയ്യൽ,തോട് വൃത്തിയാക്കി ജലനിർഗ്ഗമന മാർഗ്ഗമൊരുക്കൽ പ്രവർത്തനങ്ങൾക്കായുള്ള അംഗങ്ങൾക്കുള്ള വേതനം , പണിയായുധങ്ങൾ ,പായൽ വാരുന്നതിന് സഹായിച്ച ആഫീബിയൻ യന്ത്രത്തിന്റെ ഇന്ധനചെലവ്,മറ്റ് വാഹനചെലവുകൾ എന്നീ ഇനങ്ങളിലായി 300000/-രൂപ തനത് ഫണ്ടിൽ നിന്നും പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി അഗ്രോസർവ്വീസ് സെന്ററിന നൽകിയിട്ടുണ്ട്.

തൻവർഷം നെൽകൃഷി ചെയ്യുന്നവർക്ക് വിത്ത്, കൂലിചെലവ് സബ്സിഡി നൽകുന്നതിനായി ജില്ലാപഞ്ചായത്ത് വിഹിതമായി 420000/- രൂപ ഉൾപ്പെടെ 1200000/- രൂപ ചെലവിൽ മറ്റൊരുപ്രോജക്ട് തയ്യാറാക്കുകവഴി കൃഷി ചെയ്യാൻ സന്നദ്ധരായ പ്രദേശത്തെ ഏഴ് പാടശേഖര സമിതികളിലെ കർഷകർക്ക് നെൽകൃഷിക്കാവശ്യമായ വിത്തും ,കൂലിചെലവ് സബ്സിഡിയും പഞ്ചായത്ത് പദ്ധതി വഴി ലഭ്യമാക്കി. ഇതിനായി 10500 കിലോ നെൽവിത്ത് സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും വാങ്ങി ഹെക്ടറിന് 30 കിലോ എന്നകണക്കിൽ 7 പാടശേഖര സമിതികൾക്ക് നൽകുകയും 140 ഹെക്ടറിന് 840000 /- രൂപ കൂലിചെലവിന് സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കും നൽകി. ഇതുകൂടാതെ കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വഴിയും പാടശേഖര സമിതികൾ മുഖേന കർഷകർക്ക് ആവശ്യമായ വിത്ത് ലഭ്യമാക്കി . ആത്മയുടെ ഡിസ്റ്റ്ട്രിക്റ്റ് സ്പെസിഫിക്ക് ആക്ടിവിറ്റിഫണ്ടിൽ നിന്നുള്ള 10 ലക്ഷം രൂപയും പഞ്ചായത്ത് തുടക്കമിട്ട തരിശ് ഭൂമികൃഷിയോഗ്യമാക്കൽ പദ്ധതിക്ക് ലഭിച്ചു.കർഷകർ, കാർഷികരംഗത്തെ വിദഗ്ദർ ,സന്നദ്ധ സംഘടനാപ്രവർത്തകർ ,വിവിധ സർക്കാർ വകുപ്പുകൾ , കർഷകതൊഴിലാളികൾ , ബഹുജന സംഘടനകൾ ,കുടുംബശ്രീ പ്രവർത്തകർ,തൊഴിലുറപ്പ്

തൊഴിലാളികൾ എന്നിവരുടെ പങ്കാളിത്തം കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെയും മറ്റ് വിദഗ് ദ്ധരുടെയും സമയാസമയങ്ങളിലുള്ള നിർദ്ദേശങ്ങളും പദ്ധതി നടത്തിപ്പിൽ ഉണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പാടശേഖര സമിതികളുടെ ആഭിമുഖ്യത്തിൽ കൃത്യമായി വിലയിരുത്തലുകൾ നടത്തുകയും മേഖലയിലെ കാർഷിക വിദഗ്ദരുടെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തതായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ സൂക്ഷിച്ച മിനിട്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. കൃഷിഭവൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2015-16 വർഷം 60 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നത് 2016-17 വർഷം 140 ഹെക്ടറായി വ്യാപിപ്പിക്കാൻ പദ്ധതി പ്രവർത്തനങ്ങൾ വഴി കഴി യുകയും ഒരു ഏക്കറിൽ 2400 കിലോവരെ വിളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി കർഷകരെ നെൽകൃഷിയിലേക്ക് മടക്കികൊണ്ടുവരാനും,നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമമെന്നനിലയിൽ തുടക്കമിട്ട പദ്ധതി വിജയകരമായതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിൽ തരിശുകിടക്കുന്ന 300 ഹെക്ടർ മൂന്ന് വർഷം കൊണ്ട് കൃഷിയോഗ്യമാക്കാനുള്ള വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതും പദ്ധതി നിർവ്വഹണ സമയത്ത് പാടശേഖര സമിതികൾ ഉന്നയിച്ച പ്രധാന പ്രശ്നമായ ജല നിയന്ത്രണസംവിധാനങ്ങൾക്കായുള്ള ശാശ്വത പരിഹാരങ്ങൾ കണ്ടെത്തി പരിഹരിക്കപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച സ്വീകരിച്ച നടപടികൾ പൂർണ്ണതയിലെത്തൂ .

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പേരാമ്പ്ര | 16-3-2017 | 100000 | പച്ചക്കറി കൃഷി കൂലിചെലവ് | 100000 | 0 |
| | 16-3-2017 | 100000 | ഇടവിളകൃഷി | 100000 | 0 |
| | 22-3-2017 | 120000 | നെൽകൃഷി | 120000 | 0 |
| | 18-3-2017 | 400000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 400000 | 0 |
| ജില്ലാപഞ്ചായത്ത് ,കോഴിക്കോട് | 17-3-2017 | 300000 | നെൽകൃഷി | 300000 | |
| | 31-3-2017 | 125000 | ക്ഷീരഗ്രാമം പദ്ധതി | 125000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 400000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കൃഷ്ണകുമാർ കീഴന | ബ്രദേഴ്സ് കലാസമിതി ബിൽഡിംഗ് എം.പി.ഫണ്ട് | 32190 | 60000 | 0 | 60000 |
| 2 | മനോജ് എടപ്പോത്ത് മീത്തൽ | ആവള കരിയാട്ടിൽ ടെമ്പിൾ റോഡ് എം.പി ഫണ്ട് | 20976 | 100000 | 0 | 100000 |
| 3 | ഇ.സി.ബാലന എടച്ചേരിചാലിൽ | എടച്ചേരിച്ചാൽ കോളനി ഫുട്പാത്ത് എം.പി.ഫണ്ട് | 20977 | 240000 | 0 | 240000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനവായ്പ | 646/2010 ത.സ്വ.ഭ.വ തീയ്യതി 25/02/2010 | | 5438400 | 1541577 | 0 | 3896823 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ.എം.എസ് മെമ്മോറിയൽ കോഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ,ഷെയർ | 10000 |
| ആകെ | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-2002 | 3-1 | 2005-06 | 7(1) | ആർ.എം.എഫ് .ഔദ്യോഗിക രസീതിയില്ല |
| 2000-2001 | ഭാഗം ഒന്ന് | 2005-2006 | 11(1) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43083469 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43172956 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2681729 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1260000 | ഡോ.അമൂല്യ.പി.എൻ, വെറ്ററിനറി സർജൻ |
| 3-3 | 144950 | രജനി.പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | 12779 | ഡോ. മാധവശർമ്മ ബിനോയ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 4000 | ശ്രീധരൻ.കെ.ഹെഡ്മാസ്റ്റർ |
| 3-12 | 960000 | ഷാജി.കെ,വി.ഇ.ഒ |
| 3-13 | 300000 | പ്രശോഭ് കുമാർ,ഹോമിയോ മെഡിക്കൽ ഓഫീസർ |
| ആകെ | 2681729 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി2/961/00/31-3-2000 | 7 |
| 1997-98(വരവ്) | എൽ.എഫ് എസ്2/416/95 തി 22-01.2004 | 14 |
| 1997-98(ചെലവ്) | " /771/95 തി.4-10-2001 | 14 |
| 1998-99 | " പി2/732/03/3112.2003 | 14 |

| | | |
|---|---|---|
| 1999-2000 | “ പി4/1344/09/10-3-2010 | 01 |
| 2000-2001 | “ /743/12 തി. 11-6-12 | 5 |
| 2001-2002 | “ /744/12 തി. 11-6-12 | 5 |
| 2002-2003(വരവ്) | “ /827/07 തി.5-10-2007 | 02 |
| 2002-2003(ചെലവ്) | “ /331/06 തി.12-4-2007 | 23 |
| 2003-2004 | “ /182/08 തി.2-9-2008 | 01 |
| 2004-2005 | “ /183/08 തി.2-9-2008 | 15 |
| 2005-2006 | “ /1218/08 തി. 5-1-2009 | 19 |
| 2006-2007 | “ /746/12 തി.11-6-12 | 34 |
| 2007-2008 | “ /748/12 തി.11-6-12 | 23 |
| 2008-2009 | “ /749/12 തി. 11-6-12 | 26 |
| 2009-2010 | “ /749/12 തി.3-7-12 | 15 |
| 2010-11, 2011-12 | “പി4/11/2013 തീ. 21.08.2013 | 27 |
| 2012-13 | KSA/KKD/P4/906/17 Dt 08.05.2017 | 20 |
| 2013-14,2014-15 | KSA/KKD/P4/1209/17 Dt 16.05.2017 | 23 |
| 2015-16 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി. 4/1603/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 04.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന ഖണ്ഡിക.2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

KSA.KKD-P.4/1603/2017

Kerala State Audit Department

District Audit Office

Civil Station, Kozhikode

Ph. 0495 – 2371012

Dated. 04.10.2017

Audit Certificate.

Certified thaht I have audited the Annual Financial Statement of Cheruvannur Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Cheruvannur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department